**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 867** **02-02-2026 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ ഒ . ആർ. കേളു**<br>**(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കല്ല്യാശ്ശേരി മണ്ഡലത്തിലെ നഗറുകളുടെ പ്രവർത്തന പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 2016-17 സാമ്പത്തിക വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയിരുന്ന പുഞ്ചവയൽ, വെടിയപ്പൻചാൽ എന്നീ ഗ്രാമങ്ങളുടേയും 2019-20 ൽ ഉൾപ്പെടുത്തിയിട്ടുള്ള വള്ളുവ ഗ്രാമത്തിന്റേയും പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2020-21 ൽ മുതുകട ഗ്രാമത്തേയും, 2021-22 ൽ കുണ്ടായിട്ടമ്മൻ, പള്ളിക്കര എന്നീ ഗ്രാമങ്ങളേയും പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിരുന്നു. അതിൽ കുണ്ടായിട്ടമ്മൻ ഗ്രാമത്തിന്റെ റോഡ് നിർമ്മാണം ഒഴികെ എസ്റ്റിമേറ്റ് പ്രകാരമുള്ള ബാക്കിയെല്ലാ പ്രവർത്തികളും പൂർത്തീകരിച്ചു. റോഡ് നിർമ്മാണത്തിന് കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ നീക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുതുകട ഗ്രാമത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പള്ളിക്കര ഗ്രാമത്തിന്റെ എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസി തയ്യാറാക്കി മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 2023-24 ൽ ഉൾപ്പെടുത്തിയ ചെങ്കൽത്തടം ഗ്രാമത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 2024-25 ൽ ഉൾപ്പെടുത്തിയ പാറക്കടവ് ഉന്നതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ഏതെങ്കിലും പട്ടികജാതി ഉന്നതികളെ ഈ പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | പ്രസ്തുത മണ്ഡലത്തിൽ നിന്നും പുതുതായി ഗ്രാമങ്ങളെ പദ്ധതിയിലുൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ